"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – 23.06.2021 തീയതിയിലെ സ.ഉ(പി)നം. 86/2021/ധന. – ഖണ്ഡിക 3 പിരിവ് (II) – സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതി മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി – ഭേദഗതി – ഉത്തരവ്.

==================================================================

**ധനകാര്യ (പെൻഷൻ – എ) വകുപ്പ്**

**സ.ഉ.(അച്ചടി)നം.90/2026/ധന.** **തിരുവനന്തപുരം, തീയതി, 14.08.2026.**

==================================================================

**പരാമർശം :–** 1. സ.ഉ(പി)നം. 11/2026/സാ.നീ.വ തീയതി 17.06.2026.
2. സ.ഉ(പി)നം. 86/2021/ധന. തീയതി 23.06.2021.
3. സ.ഉ(പി)നം. 40/2013/സാ.നീ.വ തീയതി 18.05.2013.

**<u>ഉത്തരവ്</u>**

01.04.2013 –ന മുൻപ് സ്ഥിരം തസ്തികയിൽ നിയമനം ലഭിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടർന്ന് വരികയും തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ പുനർനിയമിതരായ ഭിന്നശേഷി ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3 (II) പ്രകാരം, "01.04.2013 –ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി ബാധകമായിരുന്ന വിഭാഗങ്ങളിൽ സേവനത്തിലിരിക്കെ 01.04.2013 –നോ അതിന് ശേഷമോ സൂപ്പർ ന്യൂമററി തസ്തികിയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക്, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതി മുതൽ പങ്കാളിത്ത പെൻഷൻ ബാധകമാകുന്നതാണ്" എന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് നടപ്പിലാക്കുന്നതിൽ അവ്യക്തത നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3 പിരിവ് (II) ചുവടെ പറയും പ്രകാരം തിരുത്തൽ വരുത്തി ഉത്തരവാകുന്നു.

"01.04.2013 – ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി

ബാധകമായിരുന്ന വിഭാഗങ്ങളിൽ റഗുലർ സേവനത്തിലിരിക്കെ 01.04.2013 –നോ അതിന് ശേഷമോ പരാമർശം (3) ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ പുനർനിയമിതരായ ഭിന്നശേഷി ജീവനക്കാർക്ക് സൂചന (1) ഉത്തരവിലെ വ്യവസ്ഥകളാണ് ബാധകം.”

പരാമർശം (2) ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി. അജയകുമാർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരളം, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ ( ഇ. & ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് മേധാവികൾക്കും.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
7. എല്ലാ ജില്ലാ ട്രഷറികൾക്കും/ സബ് ട്രഷറികൾക്കും.
8. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
9. രജിസ്ട്രാർ, കേരള/ കൊച്ചി/ കോഴിക്കോട്/ എം.ജി/ കണ്ണൂർ/ സംസ്കൃത സർവ്വകലാശാലകൾ
10. രജിസ്ട്രാർ, കേരള ഹൈക്കോടതി
11. ഗവർണ്ണറുടെ സെക്രട്ടറി.
12. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
13. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
14. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
15. ധനകാര്യ (എൻ.പി.എസ് – സെൽ) വകുപ്പ്.
16. ധനകാര്യ (ITSF) വകുപ്പ്.
17. നോഡൽ ഓഫീസർ, www.finance.kerala.gov.in
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ–2703564)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**